"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കോവിഡ് സാഹചര്യം പരിഗണിച്ച് തിരുവനന്തപുരം നഗരസഭയുടെ 2020-21 വർഷത്തെ 5 മാസക്കാലയളവിലെ പരസ്യ അനുമതി ഫീസ് ഒഴിവാക്കി നൽകുന്നതിനു തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1935/2022/LSGD തീയതി,തിരുവനന്തപുരം, 10-08-2022

---

പരാമർശം:-

1. കേരള അഡ്വെർടൈസിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്ക് 17.08.2020 ൽ സമർപ്പിച്ച അപേക്ഷ.
2. നഗരസഭ കൗൺസിലിന്റെ 19.11.2021-ലെ 3(എ)24-ാം നമ്പർ തീരുമാനം.
3. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 17.03.2022 തീയതിയിലെ R18/44175/20 നമ്പർ അപേക്ഷ

**ഉത്തരവ്**

കോവിഡ് 19 പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട് ഏകദേശം എല്ലാ പരസ്യ ബോർഡുകളും ഹോർഡിംഗ്സുകളും പരസ്യങ്ങൾ ഇല്ലാത്ത നിലയിലാണെന്നും ആയതിനാൽ 2020-21 കാലയളവിലെ പരസ്യ അനുമതി ഫീസ് ഒഴിവാക്കി നൽകുന്നതിന് കേരള അഡ്വെർടൈസിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടി അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് നഗരസഭ കൗൺസിലിൽ സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിഗണിച്ച് ലോക്ക്ഡൗൺ പിരീഡിൽ ഇത്തരത്തിലുള്ള മുഴുവൻ സംരംഭങ്ങൾക്കും നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ 2020-21 വർഷത്തെ 5 മാസ കാലയളവിലേയ്ക്ക് പരസ്യ അനുമതി ഫീ ഒഴിവാക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2020-21 വർഷത്തെ 5 മാസക്കാലയളവിലേക്ക് പരസ്യ അനുമതി ഫീസ് ഒഴിവാക്കി നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് സാഹചര്യം പരിഗണിച്ച്, 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം തിരുവനന്തപുരം നഗരസഭയുടെ 2020-21 വർഷത്തെ 5 മാസക്കാലയളവിലെ പരസ്യ അനുമതി ഫീസ് ഒഴിവാക്കി നൽകുന്നതിനു തിരുവനന്തപുരം

(PTO)

സ.ഉ.(സാധാ) നം.1935/2022/LSGD

നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

സെക്രട്ടറി, മുൻസിപ്പൽ കോർപ്പറേഷൻ
തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. കരുതൽ ഫയൽ/ഓഫീസ് കോപ്പി
(ആർസി2/175/2022-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
**Signed by Pradeesh M**
**Date: 10-08-2022 11:51:57**

സെക്ഷൻ ഓഫീസർ